# പതിനാലാം കേരള നിയമസഭ

## (ഏഴാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2934** **18.08.2017-ൽ മറുപടിയ്ക്ക്**

**കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പാക്കേജ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.വി.ഡി.സതീശൻ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) സംസ്ഥാനത്ത് കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായുള്ള പ്രത്യേക പാക്കേജിന് അംഗീകാരം നല്കിയിട്ടുണ്ടോ; വിശദമാക്കാമോ; | എ) സംസ്ഥാനത്ത് കടൽ ക്ഷോഭത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട 248 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി 25 കോടി രൂപയുടെ പ്രത്യേക പാക്കേജിന് 2016-17 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയിരുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം,കോഴിക്കോട്, കാസർഗോഡ് ജില്ലകളിലെ 248 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭൂമി വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. |
| ബി) ഇതനുസരിച്ച് ഇവർക്ക് ഭൂമി വാങ്ങുന്നതിനും ഭവനം നിർമ്മിക്കുന്നതിനും എന്തു സഹായം നൽകിയിട്ടുണ്ടെന്ന് വിവരിക്കുമോ; | ബി) കടലാക്രമണത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പാർപ്പിട സൗകര്യത്തിനായി 2 മുതൽ 3 സെന്റ് വരെ ഭൂമി വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതം ധന സഹായമായി നൽകുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ 4405-00-103-9 (പ്ലാൻ) എന്ന ശീർഷകത്തിൽ അഡീഷണൽ ആതറൈസേഷൻ മുഖേന ലഭിച്ച 2 കോടി രൂപ തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകൾക്ക് പദ്ധതി പ്രവർത്തനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. ജില്ലകളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഗുണഭോക്താക്കൾ സ്വന്തം നിലയിൽ കണ്ടെത്തുന്ന സ്ഥലം വാസയോഗ്യമാണെന്ന് ഉറപ്പു വരുത്തുന്നതിനും റവന്യൂ വകുപ്പ് സ്ഥലത്തിന്റെ ഫെയർ വാല്യൂ നിശ്ചയിച്ചു നൽകുന്ന മുറയ്ക്ക് മാത്രമേ ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാൻ കഴിയുകയുള്ളു. ജില്ലകളിൽ ഇതിനുള്ള നടപടികൾ ത്വരിതഗതിയിൽ |

| | |
|---|---|
| | പുരോഗമിച്ചു വരുന്നു. പദ്ധതിയ്ക്കാവശ്യമായ ബാക്കി തുകയായ 23 കോടി രൂപ 2017-18 വർഷത്തെ 2 −ാം ബാച്ച് സപ്ലിമെന്ററി ഡിമാന്റ് ഗ്രാന്റിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |
| സി) വീട് നഷ്ടപ്പെട്ടവർക്ക് എന്തെല്ലാം സഹായമാണ് പാക്കേജനുസരിച്ച് നൽകിയതെന്ന് വ്യക്തമാക്കാമോ? | സി) കടലാക്രമണത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളെ മാത്രമാണ് പ്രസ്തുത പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി ജില്ലകളിൽ ത്വരിത ഗതിയിൽ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ആഫീസർ